1455
19/1/18

File No.FWLD-B2/218/2017-FWLD

**കേരള സർക്കാർ**

**സംഗ്രഹം**

ചെങ്ങറ അക്കേഷ്യ മാഞ്ചിയം തോട്ടത്തിൽ നിന്നും 2016-17 വർഷത്തിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് അനുവദിച്ചതിനെക്കാൾ അധികമായി അസംസ്കൃത വസ്തുക്കൾ നീക്കം ചെയ്യാൻ അനുമതി നൽകിയ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം./14/2018/വനം തീയതി, തിരുവനന്തപുരം, 09/01/2018

പരാമർശം:- 1) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) ന്റെ 17.10.2016-ലെ പ്രൊ(4) 25834/15 നമ്പർ നടപടി ഉത്തരവ്.

2) റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 22.06.2017-ലെ സി2-971/17 നമ്പർ നടപടി ഉത്തരവ്.

3 ) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) ന്റെ 22/11/2017-ലെ പ്രൊ(4) -26446/16 നമ്പർ കത്ത്.

**ഉത്തരവ്**

റാന്നി ഡിവിഷനിലെ വടശ്ശേരിക്കര റെയിഞ്ചിന്റെ പരിധിയിൽ വരുന്ന 2006 ചെങ്ങറ അക്കേഷ്യ മാഞ്ചിയം തോട്ടത്തിൽ നിന്നും അസംസ്കൃത വസ്തുക്കൾ ശേഖരിച്ച് നീക്കം ചെയ്യുന്നതിന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) പരാമർശം (1) പ്രകാരം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് അനുമതി നൽകിയിരുന്നു. 230 മെട്രിക് ടൺ തടികൾ നീക്കം ചെയ്യുന്നതിനായിരുന്നു ഉത്തരവ് നൽകിയിരുന്നത്. ഇപ്രകാരം അനുവദിച്ച 230 മെട്രിക് ടൺ തടികൾക്കുപുറമെ 542.08 മെട്രിക് ടൺ തടികൾ കൂടുതൽ ശേഖരിച്ച് M/s HNL നീക്കം ചെയ്തിരുന്നു. അധികമായി ശേഖരിച്ച അക്കേഷ്യ തടികൾ തോട്ടത്തിൽ കിടന്നാൽ നശിച്ച് പോകുന്നത് വഴി സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുമെന്നതിനാലും, പ്രതീക്ഷിച്ചതിലധികം ലഭ്യമായ ഉൽപ്പന്നങ്ങൾ നശിച്ച് പോകുന്നത് വഴി ഉണ്ടാകാമായിരുന്ന നഷ്ടം ഒഴിവാക്കുന്നതിനുമായി അക്കേഷ്യ തടികൾ അധികമായി ശേഖരിച്ച് നീക്കം ചെയ്ത നടപടി അംഗീകരിച്ച് റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പ്രസ്തുത നടപടി സാധൂകരിക്കണമെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) ന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും സർക്കാരിനുണ്ടായേക്കാവുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കുന്നതിനായി

സ്വീകരിച്ച നടപടി എന്ന നിലയിലും, 2006 ചെങ്ങറ അക്കേഷ്യ മാഞ്ചിയം തോട്ടത്തിൽ നിന്നും 2016-17 വർഷത്തിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന് അനുവദിച്ചതിനെക്കാൾ അധികമായി അസംസ്കൃത വസ്തുക്കൾ നീക്കം ചെയ്ത നടപടി അംഗീകരിച്ചുകൊണ്ട് റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പുറപ്പെടുവിച്ച പരാമർശം (2) ലെ നടപടിക്രമം സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗിരിജ കുമാരി.ജി**
**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
വെബ് ആന്റ് ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
KBeena
സെക്ഷൻ ഓഫീസർ